**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 551** **12.06.2012-ൽ മറുപടിയ്ക്ക്**

## കേരളത്തിലെ അംഗീകൃത കളരിപ്പയറ്റ് സംഘങ്ങൾക്ക് ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ** | | **ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും, സ്പോർട്സും, സിനിമയും വകുപ്പു മന്ത്രി)** | |
| (എ) | കേരളത്തിലെ അംഗീകൃത കളരിപ്പയറ്റ് സംഘങ്ങളുടെ നിലവിലുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | പ്രസ്തുത സംഘങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി), (സി) & (ഡി) | ഈ വകുപ്പിൻ കീഴിൽ കളരിപ്പയറ്റ് സംഘങ്ങൾക്ക് നേരിട്ട് ധനസഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ ജില്ലാ മാർഷ്യൽ ആർട്സ് കേന്ദ്രങ്ങളായി അംഗീകരിക്കപ്പെടുന്ന കളരി സംഘങ്ങൾക്ക് അതാത് ജില്ലാ കളക്ടർമാർ വഴി ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇത്തരത്തിൽ ജില്ലാ മാർഷ്യൽ ആർട്സ് സെന്ററുകളെ തെരഞ്ഞെടുക്കുന്നതിനായി മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡത്തിന്റെയും ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണോ എല്ലാ കളരിപ്പയറ്റ് സംഘങ്ങൾക്കും ധനസഹായം ലഭ്യമാക്കുന്നത്; വിശദാംശം അറിയിക്കുമോ; | | |
| (ഡി) | കളരിപ്പയറ്റ് സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | കളരിപ്പയറ്റ് സംഘങ്ങളിൽ നിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ട എത്ര അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ട്. ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; | (ഇ) & (എഫ്) | നിലവിൽ ഇത്തരത്തിൽ അപേക്ഷകളൊന്നും പരിഗണനയിലില്ല. |
| (എഫ്) | നിലവിൽ പരിഗണനയിലുള്ള ഇത്തരം അപേക്ഷകളിന്മേൽ അർഹരായ സംഘങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.